# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 8150

17.07.2014 – ൽ മറുപടിയ്ക്ക്

## ആയുഷ് ഹോളിസ്റ്റിക് സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആയുഷ് ഹോളിസ്റ്റിക് സെന്ററിന്റെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. 2014 ഫെബ്രുവരി 21-ന് തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ ആയുഷ് ഹോളിസ്റ്റിക് സെന്റർ പ്രവർത്തനം ആരംഭിച്ചു. ഹോമിയോപ്പതി വകുപ്പിൽ സംസ്ഥാന വാർഷിക പദ്ധതി പ്രകാരം 2012-13 ൽ തിരുവനന്തപുരത്തും കോഴിക്കോട്ടും 2013-14-ൽ എറണാകുളത്തും കണ്ണൂരും ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്കും പ്രതിരോധത്തിനുമായുള്ള ആയുഷ് സമഗ്ര ചികിത്സാ കേന്ദ്രങ്ങൾ (ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ) ആരംഭിച്ചിട്ടുണ്ട്. ഈ വർഷവും പ്രസ്തുത സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി എന്നീ ചികിത്സാ സമ്പ്രദായങ്ങളുടെ സേവനം പൊതുജനങ്ങൾക്ക് ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതാണ് ആയുഷ് ഹോളിസ്റ്റിക് സെന്റർ എന്ന പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. സാധാരണ ജനങ്ങൾക്ക് അവരുടെ താത്പര്യ പ്രകാരം വ്യത്യസ്ത ചികിത്സാ രീതികൾ അവലംബിക്കാമെന്നുള്ളതും വിവിധ ചികിത്സാ സമ്പ്രദായങ്ങളിലെ |

ഡോക്ടർമാർക്ക് ആവശ്യമുള്ള കേസുകളിൽ പരസ്പരം ചർച്ച ചെയ്ത് ചികിത്സ നിർദ്ദേശിക്കുന്നതിനും 'cross reference' സൗകര്യവും ഈ സെന്ററിൽ ലഭ്യമാണ്. കൂടാതെ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ , ഹൃദ്രോഗം, സ്ത്രീകളിലെ ഗർഭാശയ രോഗങ്ങൾ, ക്യാൻസർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ വരാതെ പ്രതിരോധിക്കുകയെന്നതും ഒരു പ്രധാന ലക്ഷ്യമാണ്

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ചികിത്സാ രീതികളാണ് ഹോളിസ്റ്റിക് സെന്റർ വഴി ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) | ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി, പ്രകൃതി ചികിത്സ, യോഗ. |
| (ഡി) | സെന്ററിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ആയുഷ് സെന്ററുകളുടെ സേവനം ഘട്ടം ഘട്ടമായി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 2012-13 ൽ തിരുവനന്തപുരത്തും കോഴിക്കോട്ടും ആരംഭിച്ച പദ്ധതി 2013-14 ൽ എറണാകുളത്തും, കണ്ണൂരും വ്യാപിപ്പിച്ചു. ഈ വർഷം (2014-15) പ്രസ്തുത ജില്ലകളിൽ പ്രവർത്തിക്കുന്ന ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ സേവനം താലൂക്ക് തലത്തിലുള്ള ആശുപത്രികളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ ആയുഷ് ഹോളിസ്റ്റിക് സെന്ററിന്റെ സേവനം ഇപ്പോൾ ഈ പദ്ധതിയുടെ സേവനം ലഭ്യമല്ലാത്ത ജില്ലകളിലേയ്ക്കും ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ